പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 249

28.01.2014 ൽ മറുപടിക്ക്

**ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. ശശി:<br>ശ്രീ സി. ദിവാകരൻ:<br>ശ്രീ. ജി.എസ്. ജയലാൽ:<br>ശ്രീമതി ഗീതാ ഗോപി: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | വികലാംഗർ, വൃദ്ധർ എന്നിവർക്കു വേണ്ടിയുള്ള സ്ഥാപനങ്ങൾ തുടങ്ങി ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളിലെയും സർക്കാർ ക്ഷേമസ്ഥാപനങ്ങളിലെയും അന്തേവാസികൾക്ക് പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായി അവശ്യവസ്തുക്കൾ അനുവദിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സാധനങ്ങൾ എത്ര അളവിൽ വീതം എന്ത് വിലയ്ക്ക് നൽകുന്നുണ്ടെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്; 1 രൂപാ നിരക്കിൽ 7 കി.ഗ്രാം അരിയും 2 രൂപാ നിരക്കിൽ 3 കി.ഗ്രാം ഗോതമ്പും (ബി.പി.എൽ നിരക്കിൽ) വിതരണം നടത്താനാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ ഈ രീതിയിൽ വിതരണം നടത്തണമെങ്കിൽ 402 മെ.ടൺ അരിയും 172 മെ.ടൺ ഗോതമ്പും പ്രതിമാസം ആവശ്യമായിവരും. 2013-2014 സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിയിൽ പ്രതിമാസം 148.55 മെ.ടൺ അരിയും 63.67 മെ.ടൺ ഗോതമ്പും കേന്ദ്രസർക്കാർ ക്ഷേമസ്ഥാപനങ്ങൾക്കുള്ള ഭക്ഷ്യധാന്യ വിഹിതത്തിൽ അനുവദിച്ചിരുന്നുവെങ്കിലും രണ്ടാം പകുതിയിൽ 143.728 മെ. ടൺ അരി മാത്രമാണ് പ്രതിമാസം അനുവദിച്ചത്. ഈ അലോട്ട്മെന്റ് കുറവായതിനാൽ 1/- രൂപ നിരക്കിൽ 5 കി.ഗ്രാം അരിയും 2 രൂപാ നിരക്കിൽ 2 കി.ഗ്രാം ഗോതമ്പുമാണ് ഇപ്പോൾ വിതരണം ചെയ്തുവരുന്നത്. ഇതിനായി 287.495 മെ. ടൺ അരിയും 114.998 മെ.ടൺ ഗോതമ്പും പ്രതിമാസം വേണ്ടിവരും. ഇത്തരത്തിൽ വിതരണത്തിന് വെൽഫെയർ വിഹിതത്തിൽ നിന്നും മതിയാകാതെ വരുന്ന അളവ് ബി.പി.എൽ. വിഹിതത്തിൽ നിന്നും അനുവദിച്ചു നൽകാൻ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ക്ഷേമസ്ഥാപനങ്ങൾക്കുള്ള ഭക്ഷ്യധാന്യവിഹിതം മതിയായ അളവിൽ വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

(മറുപുറം)

| | | | |
|---|---|---|---|
| (ബി) | ഈ സാധനങ്ങൾ ലഭിക്കുന്നതിനുള്ള പെർമിറ്റ് യഥാസമയം ലഭിക്കുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യഥാസമയം പെർമിറ്റ് നൽകാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ? | (ബി) | പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല; മതിയായ രേഖകളോടെ സമർപ്പിക്കുന്ന അപേക്ഷകർക്ക് യഥാസമയം പെർമിറ്റ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ